ഭരണഭാഷ മാതൃഭാഷ

# ഗവൺമെന്റ് ദന്തൽ കോളേജ് ആലപ്പുഴ

ടി.ഡി.മെഡിക്കൽ കോളേജ് കാമ്പസ്

വണ്ടാനം പി.ഒ. -688005

നം/എ/1172/2019/ ഗവ. ദ.കോ.ആ. തീയതി, 03/01/2020.

## ലേലം ക്വട്ടേഷൻ നോട്ടീസ്

ആലപ്പുഴ ഗവൺമെന്റ് ദന്തൽ കോളേജ് നിർമ്മിക്കുന്ന സ്ഥലത്ത് നിൽക്കുന്ന താഴെ വിവരിക്കുന്ന മരങ്ങൾ 21/01/2020 ന് ഇതോടൊപ്പം ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി 2.30 ന് ലേലം/ക്വട്ടേഷൻ ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ/ക്വട്ടേഷനിൽ പങ്കുകൊള്ളാൻ താല്പര്യമുള്ളവർ 1000/- രൂപയുടെ ഡി.ഡി പ്രിൻസിപ്പാളിന്റെ പേരിൽ എടുത്ത് തലേ ദിവസം ഓഫീസിൽ ഹാജരാക്കി ടോക്കൺ വാങ്ങേണ്ടതാണ്. ലേലം /ക്വട്ടേഷനിൽ വയ്ചിട്ടുള്ള മരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 നും വൈകുന്നേരം 5 മണിയ്ക്കും ഇടയ്ക്ക് പരിശോധിക്കാവുന്നതാണ്. സാമൂഹ്യ വനവൽക്കരണ വിഭാഗം മൂല്യനിർണ്ണയം ചെയ്തു തന്നിട്ടുള്ള വിലനിലവാരം അനുസരിച്ചായിരിക്കും ലേലം നടത്തുന്നത്. ലേലം നടത്തിയതിനുശേഷം മാത്രമേ ക്വട്ടേഷൻ തുറക്കുകയുള്ളു. ലേലം/ക്വട്ടേഷൻ കൊള്ളുന്നയാൾ ലേലത്തിൽ ലഭിക്കുന്ന തുകയുടെ 5% വനവികസന നികുതിയും തടി വിലയ്ക്ക് നിലവിലുള്ള ജി.എസ്.റ്റി യും ചേർനന്നുള്ള തുക ഓഫീസിൽ അടച്ച് മരങ്ങൾ കോളേജ് സർജന്റിന്റെ മേൽ നോട്ടത്തിൽ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്.

| നം. | മരത്തിന്റെ ഇനം | വലിപ്പം(സെന്റിമീറ്റർ) | എണ്ണം |
|---|---|---|---|
| 1 | മാവ് | 90 | 1 |
| 2 | ആഞ്ഞിലി (മൂന്ന് ശിഖരം) | 80<br>75<br>70 | 1 |
| 3 | ആഞ്ഞിലി ഒരു കവരം | 100<br>80 | 1 |
| 4 | ആഞ്ഞിലി മൂന്ന് കവരം | 80<br>75<br>40 | 1 |
| 5 | ഇലഞ്ഞി | 100 | 1 |
| 6 | ഇലഞ്ഞി ഒരു കവരം | 85<br>60 | 1 |
| 7 | ആഞ്ഞിലി | 80 | 1 |
| 8 | വാക | 160 | 1 |
| 9 | തെങ്ങ്. | - | 6 |

കൂടുതൽ വിവരങ്ങൾ ഓഫീസ് സമയങ്ങളിൽ കോളേജ് ഓഫീസിൽ ലഭ്യമായിരിക്കും.

**നോട്ടീസ് പതിക്കേണ്ട സ്ഥലങ്ങൾ:-**

1.ഗവ.റ്റി.ഡി.മെഡിക്കൽ കോളേജ് ഓഫീസ്- നോട്ടീസ് ബോർഡ്.
2.ഗവ.റ്റി.ഡി.മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ സൂപ്രണ്ട് ഓഫീസ്- നോട്ടീസ് ബോർഡ്.
3.അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് ഓഫീസ് - നോട്ടീസ് ബോർഡ്.

പ്രിൻസിപ്പാൾ.

പകർപ്പ്:- 1. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം, ആലപ്പുഴ.
2. പ്രോജക്റ്റ് മാനേജർ, എച്ച്.എൽ.എൽ.
3. സി.എ.റ്റു പ്രിൻസിപ്പാൾ.
4. സർജന്റ്.
5. കരുതൽ ഫയൽ

എം.ഖ.വി.01/2020

Scanned by CamScanner

ഭരണഭാഷ മാതൃഭാഷ

# ഗവൺമെന്റ് ദന്തൽ കോളേജ് ആലപ്പുഴ

 റ്റി.ഡി.മെഡിക്കൽ കോളേജ് കാമ്പസ്

വണ്ടാനം പി.ഒ. -688005

നം/എ/1172/2019/ ഗവ. ദ.കോ.ആ. തീയതി, 03/01/2020.

## ലേലത്തിൽ പങ്കെടുക്കുവാനുള്ള നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ 20/01/2020 ന് ഉച്ചയ്ക്ക് 1 മണിയ്ക്ക് മുമ്പ് 1000/- രൂപയുടെ ഡി.ഡി പൂർണ്ണ മേൽവിലാസം സഹിതം ഓഫീസിൽ ഹാജരാക്കി ടോക്കൺ വാങ്ങേണ്ടതാണ്.
2. ഇപ്രകാരം ടോക്കൺ കൈപ്പറ്റിയ വ്യക്തികളെ മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളു. ലേലം 21/01/2020 ന് വൈകുന്നേരം 2.30 ന് ദന്തൽ കോളേജ് പരിസരത്ത് വെച്ച് നടക്കുന്നതായിരിക്കും.
3. ലേലം, സാമൂഹ്യ വനവത്ക്കരണ വിഭാഗം മരം ലേലനിയമത്തിന്റെ അടിസ്ഥാനത്തിൽപ്പെടുത്തിയായിരിക്കും നടക്കുക.
4. ലേലം അവസാനിച്ചതിനുശേഷം മാത്രമേ ലഭിച്ച ക്വട്ടേഷനുകൾ തുറക്കുകയുള്ളു.
5. ലേലത്തിലോ ക്വട്ടേഷനിലോ ഏതിലാണോ കൂടുതൽ തുക വാഗ്ദാനം ചെയ്യപ്പെടുന്നത് അതായിരിക്കും സ്വീകരിക്കപ്പെടുക.
6. ലേലം/ക്വട്ടേഷൻ പിടിച്ചുകഴിഞ്ഞാൽ ഉറപ്പിച്ച തുകയുടെ 60% ഉടൻ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും മൂന്ന് ദിവസത്തിനകം മുഴുവൻ തുകയും അടച്ച് മരങ്ങൾ സ്വന്തം ചെലവിൽ മുറിച്ച് നീക്കം ചെയ്യേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം ഇതുവഴി സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്തുവാൻ, ലേലം/ക്വട്ടേഷൻ പിടിച്ച വ്യക്തിക്കെതിരെ കേരള വനം വകുപ്പ് മരം ലേല നിയമപ്രകാരം റവന്യു റക്കവറി അടക്കമുള്ള നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.
7. ലേലം/ക്വട്ടേഷൻ മതിയായ കാരണങ്ങളാൽ ക്യാൻസൽ ചെയ്യാനുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

പ്രിൻസിപ്പാൾ.

എം.ഡി.01/2020.

Scanned by CamScanner